# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# മാർത്തോമ്മാ യുവജനസഖ്യം പ്രസിഡന്റ്

# ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും

**സർക്കുലർ നമ്പർ. 33**

സഭയിലെ വന്ദ്യ വൈദീകരും വിശ്വാസസമൂഹവും വിശേഷാൽ നമ്മുടെ യുവജനങ്ങളുംകൂടെ കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

കർത്താവിൽ പ്രിയരേ,

മാർത്തോമ്മാ സഭയിലെ എല്ലാ യുവജനങ്ങളും യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് ക്രിസ്തുവിൽ ആളത്വത്തിന്റെ പൂർണ്ണതയിലേക്ക് വളരുന്നതിനു സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ 1933 ൽ രൂപം കൊണ്ട മാർത്തോമ്മാ യുവജനസഖ്യം പ്രവർത്തനസരണിയിൽ സാർത്ഥകമായ 93 സംവത്സരങ്ങൾ പിന്നിടുകയാണ്. കഴിഞ്ഞകാലങ്ങളിൽ ലഭിച്ച ദൈവകൃപയ്ക്ക് സ്തോത്രം കരേറ്റാം.

ഈ വർഷം ഒക്ടോബർ 11 മുതൽ 17 വരെയുള്ള ദിവസങ്ങൾ യുവജനവാരമായും ഒക്ടോബർ 18 ഞായറാഴ്ച യുവജന ഞായറായും സഭ വേർതിരിച്ചിരിക്കുന്നു. യുവജനവാരത്തിലെ പഠനത്തിനും ധ്യാനത്തിനുമായി '*യൗവ്വനം : ക്രിസ്തു കേന്ദ്രിതം, വിശ്വാസ പ്രചോദിതം, ജീവദായകം' (Youth : Rooted in Christ, Driven by Faith, Living with Purpose)* എന്ന വിഷയം തെരഞ്ഞെടുത്തിരിക്കുന്നു. ഒക്ടോബർ 11-ാം തീയതി ഞായറാഴ്ച ഡെപ്യൂട്ടേഷൻ ക്രമീകരിച്ചിരിക്കുന്നു. യുവജന ഞായറാഴ്ച ആരാധനയിൽ ഏവരും താല്പര്യപൂർവ്വം സംബന്ധിക്കണം. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി അംഗീകരിച്ച ആരാധനക്രമം അന്നത്തെ ശുശ്രൂഷയിൽ ഉപയോഗിക്കണം. പരമാവധി യുവജനങ്ങൾ പങ്കെടുക്കത്തക്കവിധം ശുശ്രൂഷകൾ ക്രമീകരിക്കണം. യുവജന ഞായർ സ്തോത്രകാഴ്ചയിൽ സഭാംഗങ്ങൾ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. സ്തോത്രകാഴ്ച യുവജനസഖ്യം ആഫീസിലേക്ക് അയച്ചുകൊടുക്കുവാൻ ഇടവക ചുമതലക്കാർ ശ്രദ്ധിക്കുക.

സഖ്യത്തിന്റെ 90-ാമത് വാർഷിക പ്രതിനിധി സംഘം 2026 സെപ്റ്റംബർ 5-ാം തീയതി ശനിയാഴ്ച അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ കൂടി. 2025 - 2026 ലെ വാർഷിക റിപ്പോർട്ട്, വരവ്-ചെലവ് കണക്ക്, പുതിയ വർഷത്തേക്കുള്ള ബഡ്ജറ്റ് എന്നിവ പാസ്സാക്കി.

ഈ വർഷത്തെ പഠനത്തിനായി ബഹു. എപ്പിസ്കോപ്പൽ സിനഡിന്റെ അംഗീകാരത്തോടെ 'ധ്യാനപീഠം' (Credo) എന്ന പുസ്തകം തെരഞ്ഞെടുത്തിരിക്കുന്നു. എല്ലാ ശാഖകളിലും പഠനത്തിനായി ഈ പുസ്തകം പ്രയോജനപ്പെടുത്തണം. യുവജനസഖ്യം പ്രസിദ്ധീകരണങ്ങളായ മാർത്തോമ്മാ യുവദീപം, Ripples എന്നിവയുടെ വരിക്കാരാകുന്നതിന് സഖ്യാംഗങ്ങൾ ഉത്സാഹിക്കണം.

ആരാധന, പഠനം, സാക്ഷ്യം, സേവനം എന്നീ മുഖാന്തിരങ്ങളിലൂടെ ക്രിസ്തുവുമായുള്ള സജീവ ബന്ധത്തിൽ, ദൈവവചനത്തിൽ വേരൂന്നി വളരുവാൻ എല്ലാ യൗവ്വനക്കാരെയും ദൈവം തുണയ്ക്കട്ടെ. യുവജനവാരാഘോഷങ്ങൾ അതിനു പര്യാപ്തമായി ഭവിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കർത്താവ് അനുഗ്രഹിക്കട്ടെ.

ക്രിസ്താബ്ദം 2026 സെപ്റ്റംബർ മാസം 15-ാം തീയതി തിരുവല്ല യുവജനസഖ്യം ആഫീസിൽ നിന്നും,

**ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ**
യുവജനസഖ്യം പ്രസിഡന്റ്

# Malankara Mar Thoma Syrian Church

## From the President of Mar Thoma Yuvajana Sakhyam

## Dr. Joseph Mar Barnabas Suffragan Metropolitan

**Circular No. 33**

Dearly Beloved in the Lord,

Blessings to the Clergy, faithful members, especially the youth of our Church.

The Mar Thoma Yuvajana Sakhyam, which was formed in 1933 with the objective of helping all the youth of the Mar Thoma Church to accept Jesus Christ as Lord and Saviour and to grow towards the fullness of personhood in Christ, is completing 93 fruitful years in its course of ministry. Let us offer thanksgiving for the grace of God received throughout the years.

This year, the Church has set apart the days from October 11th to 17th as Youth Week, and Sunday 18th October as Youth Sunday. The theme chosen for study and meditation during Youth Week is "Youth: Rooted in Christ, Driven by Faith, Living with Purpose". A Deputation has been arranged on Sunday 11th of October. All are requested to participate wholeheartedly in the worship service on Youth Sunday. The order of worship approved by the Metropolitan Thirumeni shall be used in the service on that day. The services shall be arranged in such a manner as to enable the maximum participation of the youth. All members of the Church are requested to extend their sincere cooperation towards the Youth Sunday Offertory. The office bearers of the parish are requested to ensure that the Offertory is sent to the Yuvajana Sakhyam Office.

The 90th Annual General Body Meeting of the Sakhyam was held on Saturday the 5th September 2026, at the Mar Thoma Youth Centre, Adoor. The Annual Report, the Income and Expenditure Statement for 2025–2026 and the Budget for the new year were passed.

With the approval of the Honourable Episcopal Synod,the book "Dhyanapeedam" (Credo) has been selected for study during this year, This book should be utilized for study in all Sakhas. The members of the Sakhyam are encouraged to subscribe to the publications of the Yuvajana Sakhyam, Mar Thoma Yuvadeepam and Ripples.

May God enable all youth to grow, through worship, study, witness and service in an active relationship with Christ, rooted in the Word of God. I pray that the celebrations of Youth Week may prove conducive to this purpose.

May the Lord bless you.

On the 15rd Day of September 2026, in the year of our Lord

from Thiruvalla Yuvajana Sakhyam Office,

**Dr. Joseph Mar Barnabas Suffragan Metropolitan**

(President, Mar Thoma Yuvajana Sakhyam)

ബഹുസ്വരതയുടെയും ജനാധിപത്യത്തിന്റെയും ധാർമ്മിക നീതി ബോധത്തിന്റെയും ദർശനങ്ങൾ കാത്തുസൂക്ഷിക്കപ്പെടുവാനും അതിനായി യുവജനങ്ങൾ അവരുടെ ബോധ്യങ്ങളിലും സമീപന ങ്ങളിലും ഉത്തരവാദിത്വങ്ങളിലും ഔന്നിത്യമുള്ളവരായി തീരുവാനും നമുക്ക് പ്രാർത്ഥിക്കാം...

**ജനം** : **ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...**

**ലീഡർ** : മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും സഭയ്ക്ക് നേതൃത്വം നൽകുന്ന അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി, സഫ്രഗൻ മെത്രാപ്പോലീത്താമാർ, എപ്പിസ്കോപ്പാമാർ, വൈദീകർ, സുവിശേഷകർ, സേവിനിമാർ, ആത്മായനേതൃത്വം, സഭാജനങ്ങൾ എന്നിവർക്കായും പ്രത്യേകമായി, മാർത്തോമ്മാ യുവജനസഖ്യ ത്തിനായും സഭയിലെ എല്ലാ യുവജനങ്ങൾക്കായും സഖ്യം പ്രവർ ത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പാലീത്താ, ഔദ്യോഗിക ഭാരവാഹി കൾ, മാനേജിംഗ് കമ്മിറ്റിയംഗങ്ങൾ, ഓഫീസ് പ്രവർത്തകർ, ശാഖാ-സെന്റർ -ഭദ്രാസന ഭാരവാഹികൾ, സീനിയർ സഖ്യം സ്നേഹിതർ എന്നിവർക്കായും സഖ്യത്തിന്റെ ചുമതലയിലുള്ള അടൂർ മാർത്തോമ്മാ യൂത്ത് സെന്റർ, ബാംഗ്ലൂർ യൂത്ത് സെന്റർ, കടപ്പ മിഷൻ, സാമൂഹ്യ സേവന വിഭാഗമായ മിസ്ഡ, തോന്ന്യാമല പ്രോജക്ട്, നവതി പ്രോജക്ട് എന്നീ പദ്ധതികൾക്കായും യുവജന സഖ്യത്തിലൂടെ നടത്തപ്പെടുന്ന എല്ലാ പ്രവർത്തന പരിപാടികൾ ക്കായും നമുക്ക് പ്രാർത്ഥിക്കാം...

**ജനം** : **ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...**

**സമർപ്പണ പ്രാർത്ഥന** (എല്ലാവരും ചേർന്ന്)

കാരുണ്യവാനായ ഞങ്ങളുടെ കർത്താവേ, നിന്റെ സാക്ഷികളായി ഞങ്ങളെ സമർപ്പിക്കുന്നു. നിന്റെ സ്നേഹത്തിന്റെ പാതയിൽ നടന്ന്, ഞങ്ങ ളുടെ ദൗത്യം പൂർത്തീകരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങൾക്ക് നീ നൽകിയിരിക്കുന്ന സാധ്യതകളെ പ്രയോജനപ്പെടുത്തി, നിന്റെ സൃഷ്ടിയുടെ നന്മയ്ക്കായി ദൈവവചനത്തിലൂന്നി അന്യോന്യം സ്നേഹത്തിലും വിശ്വസ പ്രചോദിതരായി വിശ്വസ്തതയിലും സേവന സന്നദ്ധരായി പ്രവർത്തിക്കുന്ന വരുമായി ഞങ്ങളെ തീർക്കേണമേ. ക്രിസ്തുവിന്റെ രൂപവും ഭാവവും നിറഞ്ഞ വരായി സ്നേഹത്തിന്റെ സൗരഭ്യം പകരുവാൻ ഞങ്ങളെ ഇടയാക്കേണമേ. ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കും ക്രിസ്തു ശരീരമായ സഭയുടെ കെട്ടുപണി യ്ക്കും ലോകത്തിന്റെ നവീകരണത്തിനും മുഖാന്തരമായ ജീവദായകമായ ദർശനവും ജീവിതശൈലിയും ഞങ്ങൾക്കേകണമേ. കർത്താവിന്റെ നാമ മഹത്വത്തിനായി ജീവിപ്പാൻ ഞങ്ങളെ തിരുക്കരങ്ങളിൽ സമർപ്പിക്കുന്നു. *ആമേൻ.*

# മാർത്തോമ്മാ യുവജനസഖ്യം

# യുവജന ഞായർ

## 2026 ഒക്ടോബർ 18

# ആരാധനക്രമം

*(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോട് കൂടിയത്)*

**ആരാധനാഹ്വാനം**

“യഹോവയ്ക്ക് ഒരു പുതിയ പാട്ടുപാടുവീൻ; സകല ഭൂവാസികളുമായുള്ളോരേ യഹോവയ്ക്ക് പാടുവിൻ. യഹോവയ്ക്കു പാടി അവന്റെ നാമത്തെ വാഴ്ത്തു വിൻ; നാൾതോറും അവന്റെ രക്ഷയെ പ്രസിദ്ധമാക്കുവിൻ” (സങ്കീ. 96:1-2).

**പാട്ട്**

**കൗമാ**

**പ്രാരംഭ പ്രാർത്ഥന**

**ലീഡർ** : സകലത്തിന്റെയും സ്രഷ്ടാവും പരിപാലകനുമായ ദൈവമേ, നിന്റെ സൃഷ്ടികളായ ഞങ്ങൾ നിന്റെ മഹിമയെയും മഹത്വത്തെയും സന്തോഷപൂർവ്വം ആഘോഷിക്കുന്ന ഈ സമയത്ത് നിന്റെ വിശുദ്ധിയുടെ കിരണങ്ങളാൽ ഞങ്ങളെ പ്രകാശിപ്പിക്കേണമേ. നീ ഞങ്ങൾക്ക് ജീവൻ നൽകുകയും അനുദിനം പരിപാലിക്കുകയും ചെയ്യുന്ന നിന്റെ കരുണയ്ക്കായി ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. നിന്റെ ഏകജാതനായ പുത്രനിലൂടെ സമൃദ്ധമായ ജീവൻ ഞങ്ങൾക്ക് നൽകു കയും രക്ഷയുടെ വഴി തുറക്കുകയും ചെയ്ത നിന്റെ സ്നേഹത്തെ ഞങ്ങൾ ധ്യാനിക്കുന്നു. നിന്റെ അറുതിയില്ലാത്ത സ്നേഹത്തിന്റെ വാഹകരായി ഭൂമി യുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമായിരിക്കാൻ ഞങ്ങളെ സഹായിക്കേ ണമേ. ആരാധനയ്ക്ക് യോഗ്യനായ കർത്താവേ, നിന്റെ നാമ മഹത്വത്തിനായി ജീവിപ്പാൻ നിന്നിൽ ഞങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുവാനും പരിശുദ്ധാ ത്മാവിന്റെ ആവാസത്താൽ നിരന്തരം നിറയപ്പെടുവാൻ ഞങ്ങൾക്ക് കൃപ നൽ കേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ത്രിയേക ദൈവമേ, സ്തുതിയും സ്തോത്രവും നിനക്ക് മാത്രം യോഗ്യമായിരിക്കുന്നു.

**ജനം** : ആമേൻ.

**അനുതാപ പ്രാർത്ഥന**

‘ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.(സങ്കീ. 32:1,2)

(ഓരോ പ്രാർത്ഥനയ്ക്കും **'കരുണ്യവാനായ ദൈവമേ, ഞങ്ങളോട് ക്ഷമിക്കേണമേ. കുറിയേലായിസ്സോൻ'** എന്ന് പ്രതിവാക്യമായി പറയാം)

**ലീഡർ :** നല്ല ഇടയനായ ദൈവമേ, ക്രിസ്തു കേന്ദ്രീകൃത ജീവിത വഴികളിലൂടെ സഞ്ചരിക്കേണ്ട ഞങ്ങൾ ചിലപ്പോഴെങ്കിലും ദിശമാറി നടന്നതും നിന്റെ ഹിതത്തിനെതിരായി കൈക്കൊണ്ട തീരുമാനങ്ങളെയും അവലംബിച്ച ജീവിതശൈലികളെയും ഓർത്ത് ഞങ്ങൾ അനുതപിക്കുന്നു..

**ജനം : കരുണ്യവാനായ ദൈവമേ, ഞങ്ങളോട് ക്ഷമിക്കേണമേ. കുറിയേലായിസ്സോൻ...**

**ലീഡർ :** സ്രഷ്ടാവായ ദൈവമേ, സകലസൃഷ്ടിക്കും ഗുണകരമാകേണ്ടുന്ന ഞങ്ങളുടെ സമയവും കഴിവും കായികശേഷിയും ഞങ്ങളെത്തന്നെ മഹത്വവത്കരിക്കുന്നതിനും സ്വാർത്ഥനേട്ടങ്ങൾക്കും ലൗകീക ആസക്തികൾക്കുമായി ബോധപൂർവ്വം ഉപയോഗിക്കുകയും ചെയ്ത അവിശ്വസ്തതയെ ഓർത്ത് ഞങ്ങൾ അനുതപിക്കുന്നു...

**ജനം : കരുണ്യവാനായ ദൈവമേ, ഞങ്ങളോട് ക്ഷമിക്കേണമേ. കുറിയേലായിസ്സോൻ...**

**ലീഡർ :** വിശ്വാസത്തിന്റെ നാഥനും പൂർത്തിവരുത്തുന്നവനുമായ കർത്താവേ, വിശ്വാസബോധ്യങ്ങൾ ഞങ്ങളുടെ ഉള്ളിൽ പകരപ്പെടുവാൻ ഞങ്ങളെ പ്രാപ്തരാക്കുന്ന വേദപുസ്തക വായനയും കാലികമായ പഠനങ്ങളും ഗൗരവമായി കാണാതെയും ആരാധനകളെയും വിശ്വാസ പാരമ്പര്യങ്ങളെയും നിസംഗതയോടെ വീക്ഷിച്ചുപോയതുമായ ഞങ്ങളുടെ കുറവിനെ ഓർത്ത് ഞങ്ങൾ അനുതപിക്കുന്നു..

**ജനം : കരുണ്യവാനായ ദൈവമേ, ഞങ്ങളോട് ക്ഷമിക്കേണമേ. കുറിയേലായിസ്സോൻ...**

## സ്തോത്രപ്രാർത്ഥന

'എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്' *(സങ്കീ. 103:1,2).*

(ഓരോ പ്രാർത്ഥനയ്ക്കും ശേഷം **'ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു'** എന്ന് പ്രതിവാക്യമായി ഏറ്റു പറയണം)

**ലീഡർ :** യൗവ്വനത്തിന്റെ അർത്ഥവും സ്വത്വവും ഉൾക്കൊണ്ട് ജീവിതങ്ങളെ രക്ഷകനായ ക്രിസ്തുവിന് സമർപ്പിപ്പാനും വാക്കിലും പ്രവർത്തിയിലും ചിന്തയിലും ആരാധന, പഠനം, സാക്ഷ്യം, സേവനം എന്നീ ചതുർമുഖ മാർഗ്ഗങ്ങളിലൂടെ ദൈവരാജ്യത്തിന്റെ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാനും യുവജനങ്ങളെ സജ്ജരാക്കുന്ന മാർത്തോമ്മാ യുവജനസഖ്യത്തിനായും അതിന്റെ പ്രവർത്തനങ്ങൾക്കായും ദൈവമേ...

**ജനം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു...**

**ലീഡർ :** ലോകത്തിൽ സമാധാനവും ഐക്യവും സാഹോദര്യവും നിലനിർത്തുവാൻ നടത്തപ്പെടുന്ന എല്ലാ പദ്ധതികൾക്കായും പ്രത്യേകാൽ യുദ്ധങ്ങൾ, കലാപങ്ങൾ, വംശഹത്യകൾ എന്നിങ്ങനെ ദൈവ സൃഷ്ടിയുടെ സമഗ്രതയെ ഹനിക്കുന്ന എല്ലാ പ്രവർത്തനങ്ങളെയും നിർമ്മാർജ്ജനം ചെയ്വാൻ യത്നിക്കുന്ന എല്ലാ സംയോജിത പ്രവർത്തനങ്ങൾക്കായും പ്രവർത്തകർക്കായും ദൈവമേ...

**ജനം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു....**

**ലീഡർ :** നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള ആധുനിക വിവര സാങ്കേതികവിദ്യകളും ആശയവിനിമയ സംവിധാനങ്ങളും വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്ന ഈ ലോകത്തിൽ, അവയെ തിരുവചന പഠനത്തിനും, വിശ്വാസത്തിന്റെ പരിപോഷണത്തിനും ദൗത്യനിർവ്വഹണത്തിനും ഉള്ള അവസരങ്ങളായും മാറുന്ന ലോകത്തിൽ മാറ്റമില്ലാത്ത ദൈവസ്നേഹത്തെ പങ്കുവയ്ക്കുന്നതിനായും ഉപയോഗപ്പെടുത്തുവാനുമുള്ള സാധ്യതകൾക്കായി ദൈവമേ...

**ജനം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു...**

## മദ്ധ്യസ്ഥ പ്രാർത്ഥന

"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്" (ഫിലി. 4:6).

(ഓരോ പ്രാർത്ഥനയ്ക്കും **'ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ'** എന്ന് പ്രതിവാക്യമായി ഏറ്റു പറയണം.)

**ലീഡർ :** അനുദിനം നമ്മുടെ ലോകസാഹചര്യങ്ങൾ സംഘർഷഭരിതമായിക്കൊണ്ടിരിക്കുന്നു. പ്രവചനാതീതമായ കാലാവസ്ഥ വ്യതിയാനത്താൽ ഉണ്ടാകുന്ന വരൾച്ച, പ്രളയം, കാർഷിക മേഖലയുടെ തകർച്ച തുടങ്ങിയ ദുരന്തങ്ങളാൽ ബുദ്ധിമുട്ടുന്നവരെയും യുദ്ധക്കെടുതിയാൽ ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായും പ്രാർത്ഥിക്കാം. ജീവിതത്തിന്റെ പുത്തൻ സാധ്യതകൾ അന്വേഷിച്ച് വിവിധ രാഷ്ട്രങ്ങളിലെ വ്യത്യസ്ഥ സാഹചര്യങ്ങളിൽ പഠനത്തിനായും തൊഴിലിനായും കുടിയേറിപ്പാർക്കുന്ന നമ്മുടെ യൗവ്വനക്കാർക്കായും നമുക്ക് പ്രാർത്ഥിക്കാം....

**ജനം : ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...**

**ലീഡർ :** വിവേചനങ്ങളും വർഗ്ഗീയ, വംശീയ ചിന്തകളും അസഹിഷ്ണുതയും നമ്മുടെ സാമൂഹിക പരിസരങ്ങളിൽ വർദ്ധിക്കുന്ന സാഹചര്യങ്ങളിൽ

## MAR THOMA YUVAJANA SAKHYAM

### YOUTH SUNDAY

### 2026 OCTOBER 18

# ORDER OF WORSHIP

**(Published by the Approval of H. G. The Metropolitan)**

**Call to Worship**

*"Sing to the Lord a new song; sing to the Lord, all the earth. Sing to the Lord, praise his name; proclaim his salvation day after day.. ". (Psalm 96:1-2).*

**Hymn**

**The Kauma**

**Opening Prayer:**

***Leader*:** Gracious and eternal God, Creator of all things and source of new life, we come into Your holy presence this Youth Sunday with hearts full of praise. You have called us by name and entrusted this generation with the vitality of the Gospel. Send Your Holy Spirit upon us today. Deepen our roots in Jesus Christ, ignite our faith so that it moves mountains, and grant us clarity of purpose in a shifting world. May our worship, our fellowship, and our witness bring glory to Your triune name, Father, Son, and Holy Spirit, now and forever.

***Congregation :*** *Amen.*

***Prayer of Confession***

*If we confess our sins, he who is faithful and just will forgive us our sins and cleanse us from all unrighteousness." — 1 John 1:9*

***L*:** Merciful God, we confess that we often anchor our identity in transient trends and worldly approval rather than remaining firmly rooted in Your Word and grace....

**C:** ***Lord, forgive our shallow roots, and draw us back to Your truth.***

**L:** . Lord Jesus, we acknowledge the times our faith has wavered into doubt, passivity, or fear. We have hesitated to step out in courageous witness and service when faced with challenges.

**C:** **Lord, renew our weak faith, and drive us forward with bold conviction.**

**L:** Holy Spirit, we repent of squandering our time, talents, and vitality on self-serving pursuits, failing to live out the redemptive purpose You have set before us.

**C:** **Lord, pardon our aimless ways, and align our desires with Your Kingdom. Amen.**

**Prayer of Thanksgiving**

'Give thanks to the Lord, for he is good; his steadfast love endures forever." Psl.107:1

(After each Prayer of Thanksgiving, our response shall be **We thank You, O Lord.***)*

**L:** Almighty God, we thank You for our rich heritage in the Malankara Mar Thoma Syrian Church and for the vibrant witness of the Yuvajana Sakhyam across generations.……..…

**C:** **We thank You, O Lord.**

**L:** Heavenly Father, we praise You for the youth gathered here today—for their diverse talents, creative energy, and passion for the gospel and societal uplift.…

**C:** **We thank You, O Lord.**

**L:** Lord of life, we thank You for sustaining us through seasons of uncertainty, establishing our footsteps upon Christ the solid rock, and guiding our paths...

**C:** **We thank You, O Lord.**

**Intercessory prayer**

"First of all, then, I urge that supplications, prayers, intercessions, and thanksgivings be made for everyone." (1 Timothy 2:1)

**L:** We uphold before You our youth living and working away from home, those abroad, in distant cities, living in hostels, or facing migration challenges. In the midst of workplace strain, social isolation, academic pressure, and cultural adjustments, surround them with Your peace and be their steadfast anchor.…

**C:** **Gracious Lord, uphold them and keep them rooted in Christ**.

**L:** We pray for the Mar Thoma Yuvajana Sakhyam, its leadership, and our parish fellowship. We also remember the activities of Mar Thoma Youth center Adoor, Outside Kerala Youth center,Banglore, Kadappa Mission, Social Service Wing -MYSDA (Mar Thoma Yuvajana Sakhyam Society for Development Actions) and all the activities of Mar Thoma Yuvajana Sakhyam. Empower our youth to step beyond church walls, driving meaningful outreach and extending support to those fighting loneliness, anxiety, or addiction.

**C:** **Gracious Lord, empower us to act through faith and love.**

**L:** We intercede for our nation and the world. Raise a resilient generation committed to justice, integrity, peace, and practical service, that their vocations and dreams may bear witness to Your Kingdom...

**C:** **Gracious Lord, ignite our hearts to live with distinct and holy purpose. Amen**.

**Dedication prayer** (All together)

O Lord our God, we offer our lives anew to You this day. Plant us deep by the streams of Your living water, that our lives may remain firmly rooted in Jesus Christ. Fuel our daily walk with an uncompromising, active faith that seeks justice and loves mercy. Strip away our apathy, and clarify our divine purpose so that our strength, vocations, and youth are dedicated to the extension of Your Kingdom. Use the Mar Thoma Yuvajana Sakhyam as an instrument of Your transforming light in the Church and society, for the honor and glory of Your Holy Name. **Amen**.